# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2292

## 12-02-2020 ൽ മറുപടിക്ക്

## നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഗുണനിലവാരമില്ലാത്തതും കാലതാമസം വരുത്തിയതുമായ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ടോ; | ഉണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തുകയും, ഫീൽഡ് ഒബ്സെർവേഷൻ ഷീറ്റുകളും ഒബ്സെർവേഷൻ മെമ്മോയും അതാത് സമയത്ത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നൽകുകയും, വസ്തുതാപരമായ മറുപടി ലഭ്യമാവാത്ത സമയത്ത് ബിൽ തടഞ്ഞു വയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. |
| (ബി) കിഫ്ബിയുടെ മാനദണ്ഡം പാലിക്കാത്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ; | |
| (സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | നിർമ്മാണ പ്രവർത്തികൾ വിലയിരുത്തുവാൻ നിരന്തരമായി പദ്ധതി നിർവ്വഹണ ഏജൻസിയിലെ ഉന്നത ഉദ്യോഗസ്ഥരുമായി മീറ്റിംഗുകൾ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം നൽകുന്നുണ്ട്. സാങ്കേതിക കാര്യങ്ങളിലെ തടസ്സം ഒഴിവാക്കാൻ കിഫ്ബിയ്ക്ക് കീഴിലുള്ള ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന വേണ്ട സഹായങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് ലഭ്യമാക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ